(ബി) 1999 ഡിസംബറിലെ പെൻഷൻ അവർക്ക് എന്നു ലഭിക്കാനാണ് അർഹതയുണ്ടായിരുന്നത്;

(സി) അതനുസരിച്ച് പെൻഷൻകാർ പെൻഷൻ വാങ്ങിയോ;

(ഡി) 15.12.99 ൽ ധനകാര്യ വകുപ്പിൽ നിന്നും ഇറക്കിയ ഉത്തരവിൽ പെൻഷൻകാർക്ക് 1999 ഡിസംബറിലെ പെൻഷൻ ഡിസംബർ 22 മുതൽ കൊടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവോ;

(ഇ) 1999 ഡിസംബർ 1-ാം തീയതി തന്നെ ആ മാസത്തെ പെൻഷൻ വാങ്ങിയവർക്ക് 22-ാം തീയതി മുതൽ ആ മാസത്തെ പെൻഷൻ നൽകുന്നത് എപ്രകാരമാണെന്ന് വിശദീകരിക്കുമോ;

(എഫ്) സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ഡിസംബർ മാസത്തെ ശംബളം കാലേക്കൂട്ടിനൽകിയതുപോലെ പെൻഷൻകാർക്ക് 2000 ജനുവരിയിലെ പെൻഷൻ 1999 ഡിസംബറിൽ ക്രിസ്തുമസിന് മുൻപ് നൽകാൻ ഉത്തരവ് പുറപ്പെടുവിക്കാതിരുന്നത് എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അതാതുമാസത്തെ പെൻഷൻ ആ മാസം ഒന്നാം തീയതിയാണ് നൽകുന്നത്.

(ബി) 1999 ഡിസംബർ ഒന്നിന്.

(സി) അതെ

(ഡി) 15.12.99-ൽ ധനകാര്യ വകുപ്പിൽ നിന്നും ഇറക്കിയ ജി.ഒ. (പി) നം.2507/99/ധന. പ്രകാരം സ്റ്റേറ്റ് സർവീസ് പെൻഷൻകാരുടെ ഡിസംബർ മാസത്തെ പെൻഷൻ 22.12.99 മുതൽ വിതരണം ചെയ്യുന്നതാണ് എന്ന് ഉത്തരവിറക്കിയിരുന്നു. എന്നാൽ 20.12.99 ന് ഇറക്കിയ ജി.ഒ. (പി) നം. 2529/99/ധന. എന്ന തിരുത്തൽ ഉത്തരവ് പ്രകാരം പെൻഷൻ കാരുടേയും ഫാമിലി പെൻഷൻകാരുടേയും ജനുവരി 2000 ലെ പെൻഷൻ ആണ് 22.12.99 മുതൽ വിതരണം ചെയ്യുന്നത് എന്ന് അറിയിച്ചിരുന്നു.

(ഇ) ഡിസംബർ 22-ാം തീയതി മുതൽ വിതരണം ചെയ്യുന്നത് ജനുവരി 2000 ലെ പെൻഷൻ ആണെന്ന് 20.12.99 ലെ ജി.ഒ. (പി) നം. 2529/99/ധന. പ്രകാരം വ്യക്തമാക്കിയിരുന്നു.

(എഫ്) ജി.ഒ. (പി) നം. 2507/99/ധന. തീയതി 15.12.99 പ്രകാരവും ജി.ഒ. (പി) നം. 2529/99/ധന. തീയതി 20.12.99 എന്ന തിരുത്തൽ ഉത്തരവ് പ്രകാരവും പെൻഷൻകാർക്ക് 2000 ജനുവരിയിലെ പെൻഷൻ 1999 ഡിസംബർ 22-ാം തീയതി മുതൽ വിതരണം ചെയ്യുവാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

8 (318) ടാർ വാങ്ങുന്നതിന് ലഭ്യമാക്കുന്ന തുക

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിന് പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുള്ള തുക എത്ര;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഓരോ വർഷവും ടാർ വാങ്ങുന്നതിന് നീക്കിവച്ച തുക എത്രവീതം എന്ന് വ്യക്തമാക്കാമോ;

(സി) ടാർ വാങ്ങാൻ ചെലവാക്കുന്ന തുക ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് നീക്കിവച്ചിട്ടുള്ള തുകയിൽ ഉൾപ്പെടുത്തിയാണോ ചെലവാക്കുന്നത്;

(ഡി) 1996 ന് മുൻപ് ടാർ വാങ്ങുന്നതിന് റിഫൈനറിക്ക് തുക നൽകിയിരുന്നത് ബജറ്റ് വിഹിതത്തിന് പുറമെ ആയിരുന്നുവെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 1996-ന് ശേഷം 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ടാർ വാങ്ങുന്നതിന് ചെലവാക്കിയ തുക പ്രത്യേകമായി വകയിരുത്താത്തതു മൂലം പൊതുമരാമത്ത് പ്രവർത്തനങ്ങളെ ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കഴിഞ്ഞ 3 വർഷങ്ങളിൽ ടാർ വാങ്ങിയ തുകയും ഈ വർഷം ടാർ വാങ്ങുന്നതിന് വേണ്ടി വരുന്ന തുകയും പ്രത്യേകമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1999-2000-ാം മാണ്ടിലെ ബജറ്റിൽ പദ്ധതിയിനത്തിൽ 108.29 കോടി രൂപയും ഒന്നാമത്തേയും രണ്ടാമത്തേയും ഉപധനാഭ്യർത്ഥനകളിൽ 76.65 കോടി രൂപയും അഡീഷണൽ ആതറൈസേഷൻ വഴി 26.81 കോടി രൂപയും (ആകെ 211.75 കോടി രൂപ) ഈ ആവശ്യത്തിന് നീക്കിവച്ചിട്ടുണ്ട്.

(ബി) 96-97 ൽ 37.22 കോടി രൂപ

97-98 ൽ 33.50 കോടി രൂപ

98-99 ൽ 35.95 കോടി രൂപ വീതം ടാർ വാങ്ങുന്നതിന് ചെലവായി.

(സി) 1999-2000 മാണ്ടത്തെ 3054-80-800 എന്ന പദ്ധതിയിതരയിനത്തിൽ ടാർ വാങ്ങുന്നതിന് ആവശ്യമായ തുകയും കൂടി ഉൾപ്പെടുത്തിയാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

(ഡി) ബജറ്റ് വിഹിതത്തിന് പുറമേ ആയിരുന്നില്ല.

(ഇ) ഇല്ല

(എഫ്) ഇല്ല.

9 (319) ഗവൺമെന്റ് ഗ്യാരന്റി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. പാലോട് രവി :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എന്തു തുകയ്ക്ക് ഗവൺമെന്റ് ഗ്യാരന്റി നൽകിയിരുന്നു;

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഓരോ ധനകാര്യ വർഷവും എന്തു തുകയ്ക്ക് വീതം ഗവൺമെന്റ് ഗ്യാരന്റി നൽകി എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly